**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5887** | **04.07.2019-ൽ** മറുപടിക്ക്

**റോഡുകളിൽ പാർക്കിംഗിനായി ഫീസ് പിരിക്കുന്നതിന് അനുമതി**

**ചോദ്യം**

**ശ്രീ. എൻ.ഷംസുദ്ദീൻ**

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുളള റോഡരികിൽ പാർക്കിംഗിനായി തിരുവനന്തപുരം നഗരസഭ ഫീസ് പിരിക്കുന്നത് വകുപ്പിന്റെ അനുമതിയോടുകൂടിയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിയമപ്രകാരമല്ല പാർക്കിംഗ് ഫീസ് പിരിക്കുന്നത് എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ) വകുപ്പിന്റെ അനുമതിയോടുകൂടിയല്ല, അറിവോടെയുമല്ല.

(ബി) യും (സി) യും

പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് വകുപ്പിന്റെ അനുമതി ആവശ്യമാണ്. റോഡരികിലെ പാർക്കിംഗ് റോഡ് സുരക്ഷയേയും വാഹന ഗതാഗതത്തേയും റോഡിന്റെ നേരിട്ടല്ലാതെയുളള തകരാറിനേയും ബാധിക്കും എന്നുള്ളതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി തേടേണ്ടതാണ്. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുന്ന എം.ജി റോഡ്, തമ്പാനൂർ റോഡ്, ദേശീയപാത 66-ന്റെ പ്ലാമൂട് മുതൽ കേശവദാസപുരം വരെയുള്ള ഭാഗങ്ങൾ എന്നിവിടങ്ങളിൽ വകുപ്പിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത് ബുക്കുപയോഗിച്ച് ട്രാഫിക് വാർഡൻമാർ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായും അത് കോർപ്പറേഷനിൽ അടയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കൂടാതെ അനധികൃതമായി നടത്തുന്ന പാർക്കിംഗ് ഫീസ് പിരിവ് നിർത്തലാക്കുന്നതിന് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിനും മുനിസിപ്പാലിറ്റി ആക്റ്റിനും വിരുദ്ധമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വലിനും റോഡ് സേഫ്റ്റി ആക്റ്റിനും IPC-ക്കും എതിരാണ്. ക്യാരേജ്‌വേയിലാണ് പാർക്ക് ചെയ്യുന്നത്. ഇത് നിയമവിരുദ്ധമാണ്.

സെക്ഷൻ ഓഫീസർ